STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No. 57/PR/SPMC/PHQ/2023 Date: 27.05.2023

## എന്റെ കേരളം പ്രദർശന വിപണനമേള : മികച്ച രണ്ടാമത്തെ സ്റ്റാളിനുള്ള പുരസ്കാരം കേരള പോലീസിന്

തിരുവനന്തപുരം കനകക്കുന്നിൽ സമാപിച്ച എന്റെ കേരളം പ്രദർശന വിപണന മേളയിൽ മികച്ച രണ്ടാമത്തെ സ്റ്റാളിനുള്ള പുരസ്കാരം കേരള പോലീസിന് ലഭിച്ചു.

ശനിയാഴ്ച വൈകിട്ട് നടന്ന സമാപനച്ചടങ്ങിൽ വി.കെ. പ്രശാന്ത് എം.എൽ എ സ്റ്റേറ്റ് പോലീസ് മീഡിയ സെൻറർ ഡെപ്യൂട്ടി ഡയറക്ടർ വി.പി പ്രമോദ് കുമാറിന്റെ നേതൃത്വത്തിലുള്ള സംഘത്തിന് ട്രോഫി സമ്മാനിച്ചു.

കനകക്കുന്നിലെ പവലിയനിൽ ഏതാണ്ട് 1400 ചതുരശ്രയടി വലിപ്പത്തിൽ പ്രത്യേകമായി തയ്യാറാക്കിയ സ്ഥലത്താണ് കേരള പോലീസിന്റെ സ്റ്റാളുകൾ സജ്ജീകരിച്ചത്. കുട്ടികളുടെയും സ്ത്രീകളുടെയും സുരക്ഷയ്ക്കു പ്രത്യേകം പ്രാധാന്യം നൽകിയാണ് സ്റ്റാളുകൾ ക്രമീകരിച്ചത്. വനിതകൾക്കും കുട്ടികൾക്കും സൗജന്യമായി സ്വയരക്ഷയുടെ പാഠങ്ങൾ പകർന്നു നൽകുന്ന വനിത സ്വയം പ്രതിരോധ പരിപാടി സ്റ്റാളിൽ പ്രത്യേക പ്രാധാന്യത്തോടെ അവതരിപ്പിക്കുകയുണ്ടായി. തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം റൂറൽ, ആലപ്പുഴ എന്നിവിടങ്ങളിലെ വനിതാ മാസ്റ്റർ ട്രെയിനർമാരാണ് പ്രതിരോധ പാഠങ്ങൾ പകർന്നു നൽകിയത്.

വനിതകൾക്ക് വേണ്ടി തയ്യാറാക്കിയ നിർഭയം മൊബൈൽ ആപ്പ്, പോലീസിന്റെ ഔദ്യോഗിക മൊബൈൽ ആപ്പ് ആയ പോൽ ആപ്പ്, വിവിധ ഹെൽപ്പ് ലൈൻ നമ്പറുകൾ എന്നിവ കാണികൾക്ക് പരിചയപ്പെടുത്തി. കേരള പോലീസിന്റെ സ്വന്തം ഡ്രോൺ ഫോറൻസിക് ലാബിൽ വികസിപ്പിച്ച വിവിധയിനം ഡ്രോണുകളായിരുന്നു മേളയിലെ പ്രധാന ആകർഷണം. പോലീസിന്റെ അത്യാധുനിക തോക്കുകളും ആയുധങ്ങളും കാഴ്ചക്കാരെ അത്ഭുതപ്പെടുത്തി. പോലീസിന്റെ വയർലസ് സംവിധാനങ്ങൾ ഉപയോഗിച്ചുനോക്കാൻ ജനങ്ങൾക്ക് അവസരം നൽകിയിരുന്നു.

ശാസ്ത്രീയ തെളിവുകൾ ശേഖരിച്ച് വിശകലനം ചെയ്യുന്ന ഫോറൻസിക് സയൻസ് ലബോറട്ടറിയുടെ പ്രവർത്തനം ഏറെ പേർക്ക് അത്ഭുതമായി. കുറ്റാന്വേഷണത്തിൽ ഫിംഗർ പ്രിൻറ് ബ്യൂറോയുടെ പ്രാധാന്യത്തെക്കുറിച്ച് വിരലടയാള വിദഗ്ധർ വിശദീകരിച്ചുനൽകി.

കേരള പോലീസിന്റെ ശ്വാനവിഭാഗമായ കെ9 സ്ക്വാഡ് അവതരിപ്പിച്ച കേസന്വേഷണവുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ ഏറെ ആകർഷകമായി.

രാജപ്രൗഢിയുടെ പ്രതീകമായ അശ്വാരൂഢ സേനയിലെ കുതിരകൾക്കൊപ്പം സെൽഫിയെടുക്കാനും പൊതുജനങ്ങൾക്ക് അവസരം ലഭിച്ചു.

പോലീസിന്റെ സ്റ്റാളുകളും മറ്റു ക്രമീകരണങ്ങളും ഏകോപിപ്പിച്ചത് പോലീസ് ആസ്ഥാനത്തെ സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ ആണ്.

**ഫോട്ടോ ക്യാപ്ഷൻ:** തിരുവനന്തപുരം കനകക്കുന്നിൽ നടന്ന എന്റെ കേരളം പ്രദർശനമേളയിൽ മികച്ച സ്റ്റാളിനുള്ള പുരസ്കാരം കേരള പോലീസ് ടീം സ്വീകരിക്കുന്നു.

****************************